(സി) കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടത്ര ടാർ കിട്ടുന്നതിനും പ്രസ്തുത കോർപ്പറേഷനുകളുമായി ഇൻഡ്യാ ഗവൺമെന്റു തലത്തിലും സംസ്ഥാന തലത്തിലും നിരന്തര സമ്പർക്കം പുലർത്തുന്നുണ്ട്. ഇതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ മദ്രാസിലും ബോംബെയിലും പ്രസ്തുത കോർപ്പറേഷനുകളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നതിനും നിയോഗിച്ചു. അത്യാവശ്യത്തിനു വേണ്ടതിൽ കുറെ ടാർ കിട്ടികഴിഞ്ഞു. ബാക്കി ടാർ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെഡിക്കൽകോളേജ് കാമ്പസിലുള്ള ക്വാർട്ടേഴ്സുകളിൽ ചോർച്ച

500 [724] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സപ്പോർട്ടും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് കാംപസിലുള്ള ചില ക്വാർട്ടേഴ്സുകളിൽ ചോർച്ചയുണ്ടാകുന്നതായി ഗവൺമെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ചോർച്ചയുണ്ടാകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ചോർച്ചതടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഏതെല്ലാം ക്വാർട്ടേഴ്സുകളിൽ;

(ഡി) ചോർച്ചതടയുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുള്ള ചില ക്വാർട്ടേഴ്സുകളിൽ വീണ്ടും ചോർച്ചയുള്ളവിവരം ശ്രദ്ധയിൽ പെടുത്തിയിട്ടും ബന്ധപ്പെട്ട അധികാരികൾ യാതൊന്നും ചെയ്യുന്നില്ലെന്നുള്ളത് ശരിയാണോ;

(ഇ) ചെയ്യാത്ത ജോലികൾകൂടി ചെയ്തതായി രേഖപ്പെടുത്തി ചില കോൺട്രാക്ടർമാർ ഗവൺമെൻറിന്റെ പണം ചോർത്തിയെടുത്തിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഓരോക്വാർട്ടേഴ്സിലും ചെയ്തുതീർത്തിട്ടുള്ള ജോലിയെ സംബന്ധിച്ച് കോൺട്രാക്ടർമാർ നൽകുന്ന രേഖയിൽ അതാതു ക്വാർട്ടേഴ്സുകളിലെ താമസക്കാരെകൊണ്ട് ഒപ്പിടുവിക്കണമെന്ന വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) ഏതാനും 'C' ടൈപ്പ് ക്വാർട്ടേഴ്സുകളിൽ ചോർച്ച ഉണ്ടായതായി പരാതി ലഭിച്ചിരുന്നു.

(ബി) കെട്ടിടങ്ങളുടെ സമീപത്തുനിൽക്കുന്ന പ്ലാവ്, മാവ് മുതലായ ഫലവൃക്ഷങ്ങളിൽനിന്നും ചക്കയും മാങ്ങയും മറ്റും അടർത്തിട്ടും, മരക്കൊമ്പുകൾ ഒടിഞ്ഞുവീണും, ഓടുകൾ പൊട്ടിയാണ് ചോർച്ച ഉണ്ടാകുന്നത്. ചില കെട്ടിടങ്ങൾ കാലപ്പഴക്കംമൂലം പട്ടിയൽദ്രവിച്ച് ഓടുകളുടെ ലൈൻതെറ്റിയും ചോർച്ച ഉണ്ടാകാറുണ്ട്.

(സി) കേടുവന്ന പട്ടിയലും ഓടുകളും മാറ്റിയും പുതിയ പട്ടിയലും ഓടുകളും സ്ഥാപിച്ചും ചോർച്ച മാറ്റിയിട്ടുണ്ട്. സി 1, സി 12, സി 38, സി 48 എന്നീ ക്വാർട്ടേഴ്സുകളിലാണ് ഇപ്രകാരം ചോർച്ച മാറ്റിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോർച്ച മാറിയ കപ്പാർട്ടേഴ്സുകളിൽ വീണ്ടും ചോർച്ചയുള്ളതായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല.

(ഇ) ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന ജോലികളാണ് ബന്ധപ്പെട്ട കോൺട്രാക്ടർമാർ ചെയ്യുന്നത്. അങ്ങനെ ചെയ്തുതീർത്ത ജോലികൾക്കുമാത്രമേ സർക്കാരിൽനിന്നും പണം നൽകാറുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചശേഷമാണ് പണം നൽകുന്നത്.

(എഫ്) കോൺട്രാക്ടർമാർ ചെയ്തുതീർത്ത ജോലികളെ സംബന്ധിച്ച് രേഖകൾ കോൺട്രാക്ടർമാർ നൽകേണ്ട ആവശ്യമില്ല. അതുകൊണ്ട് കെട്ടിടത്തിൽ താമസിക്കുന്നവരെക്കൊണ്ട് ഒപ്പിടുവിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

തുരുത്തി-മുളയ്ക്കാതുരുത്തി റോഡ്

501 [725] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി സബ്ഡിവിഷനിൽ എം. സി. റോഡിൽ നിന്നും കുട്ടനാടുഭാഗത്തേക്കു പോകുന്നതും പ്രൈവറ്റും കോർപ്പറേഷനും വക ബസ്സുകളും ഓടുന്നതുമായ തുരുത്തി-മുളയ്ക്കാതുരുത്തി റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കണമെന്നുള്ള ഡി. സി. സി. പ്രമേയങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുതന്നാൽ പ്രസ്തുത റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുവാൻ തയ്യാറാകുമോ;

(സി) പ്രസ്തുത റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കാനുള്ള നടപടി ഇക്കൊല്ലം നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് രേഖാമൂലമായ ഉറപ്പ് പഞ്ചായത്തിൽനിന്നും കിട്ടിയതിനുശേഷമേ ഇതിനെപ്പറ്റി പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) 8 മീറ്റർ വീതിയിൽ റോഡു നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകുന്നതിനെപ്പറ്റി വാഴപ്പള്ളി പഞ്ചായത്തിൽനിന്നും സമ്മതം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരേയും മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചതിനുശേഷം ഇതിനെപ്പറ്റി പരിഗണിക്കുന്നതാണ്.

നീർപ്പാറ—മൂലേക്കടവു റോഡിന്റെ പണി

502 [726] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർപ്പാറ-മൂലേക്കടവു റോഡിന്റെ പണി ഏറ്റെടുത്തു നടത്തണമെന്ന നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് അതിൻമേൽ സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly